കില
വാർത്താപത്രിക

VOLUME-7
ISSUE-7
JULY 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org



ഹിമാചൽപ്രദേശിലെ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമുള്ള ഒരാഴ്ചത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.**പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# പഞ്ചായത്തുകൾക്കു ജുഡീഷ്യൽ അധികാരങ്ങൾ വേണം

**ഹി**മാചൽപ്രദേശിലെ ഗ്രാമപഞ്ചായത്തുകൾക്കുള്ള ജുഡീഷ്യൽ അധികാരങ്ങൾ കേരളത്തിനും അനുകരിക്കാവുന്നതാണെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ നിർദ്ദേശിച്ചു. ഹിമാചൽപ്രദേശിലെ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമുള്ള ഒരാഴ്ചത്തെ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്കുണ്ടായേക്കാവുന്ന തടസ്സങ്ങൾ നീക്കാനും കാലതാമസം ഒഴിവാക്കാനും ജുഡീഷ്യൽ അധികാര ങ്ങൾ ഗുണം ചെയ്യും. ഹിമാചൽപ്രദേശിൽ ഗൗരവസ്വഭാവം കുറഞ്ഞ ക്രിമിനൽ കേസ്സുകളിൽ വരെ തീർപ്പുകൽപ്പിക്കാനുള്ള ജുഡീഷ്യൽ അധികാരം പഞ്ചായത്തിനുണ്ട്. പൊലിസ് സ്റ്റേഷനിൽ റജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിനെ അറിയിക്കണമെന്നാണ് നിയമം. പല കേസ്സുകളും കോടതികൾ പഞ്ചായത്തിന്റെ പരിഗണനയ്ക്കു തിരിച്ചയക്കുന്ന സമ്പ്രദായം വരെ നിലവിലുണ്ട്. പല പഞ്ചായത്തുകളിലും കേസ്സുകൾ തീർപ്പാക്കാൻ കോടതി മാതൃകയിൽ മുറികളും സാക്ഷിമുറികളുമുണ്ട്. അഞ്ചംഗ കമ്മിഷനാണ് സാക്ഷികളെ വിസ്തരിക്കുന്നതും കേസ്സുകൾ വാദിക്കുന്നതും.എല്ലാം കേട്ട് പഞ്ചായത്ത് പ്രസിഡന്റാണ് അന്തിമവിധി പ്രസ്താവിക്കുക. അതിർത്തിത്തർക്കം, വിവാഹമോചനം, വസ്തുതർക്കം, മോഷണം തുടങ്ങിയ കേസ്സുകൾ പഞ്ചായത്തുകളുടെ ഈ ജുഡീഷ്യൽ അധികാരമുപയോഗിച്ചാണ് തീർപ്പാക്കുന്നത്. ഹിമാചലിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളുടെ പൂർണ്ണ അധികാരം സ്ത്രീകൾക്കുമാത്രമാണെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഒട്ടേറെ അധികാരങ്ങൾ താഴെ തട്ടിലേക്കു കൈമാറിയ ഏക സംസ്ഥാനം കേരളമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോഴ്സ് ഡയറക്ടർ ഡോ.സണ്ണിജോർജ് അദ്ധ്യക്ഷ നായിരുന്നു. പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ സംസാരിച്ചു. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനാണ് സംഘം എത്തിയിട്ടുള്ളത്. മാണ്ഡി ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന സംഘത്തിൽ പത്തുപേർ സ്ത്രീകളാണ്. കേരളത്തിന്റെ പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ സവിശേഷതകളെക്കുറിച്ച് ഡോ.പീറ്റർ എം.രാജും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് പ്രൊഫ. ടി.രാഘവനും ക്ലാസ്സെടുത്തു. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്, പാലക്കാട് ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച് അവിടത്തെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളുമായി സംഘം ചർച്ച നടത്തി.

# പഞ്ചവത്സരപദ്ധതിയും ഉപഭോക്താക്കളെ തെരഞ്ഞെടുക്കലും

തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്ന് വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ആവശ്യമാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിററിയും കോർപ്പറേഷനുമാണ് ഇപ്രകാരം വ്യക്തിഗത ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പു നടത്തുന്നത്. തികച്ചും അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യവും കുറ്റമറ്റതുമാകേണ്ടതുണ്ട്. സുതാര്യമല്ലാതെ തെരഞ്ഞെടുപ്പു നടത്തുന്നതുകൊണ്ട് തദ്ദേശസ്ഥാപനങ്ങളും ജനപ്രതിനിധികളും ഇക്കാര്യത്തിൽ ഏറെ പഴി കേൾക്കേണ്ടിവരുന്നു. മാത്രമല്ല പലപ്പോഴും അനർഹർ കടന്നുകൂടുകയും ചെയ്യുന്നു. അങ്ങനെ സംഭവിക്കുന്നതുകൊണ്ടാണ് ആരോപണങ്ങൾക്ക് ആക്കം വർദ്ധിക്കുന്നത്. സുതാര്യവും കുറ്റമറ്റതുമായ ഗുണഭോകതൃലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ മാർഗരേഖയിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയപദ്ധതിപ്രകാരം കണ്ടെത്തിയ എല്ലാഅഗതി കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകേണ്ടതാണ്. വീടുവയ്ക്കാൻ സ്ഥലം,വീട്, വീടുപുനരുദ്ധാരണം,കക്കൂസ്, വൈദ്യുതീകരണം, കുടിവെള്ളം എന്നീ ആനുകൂല്യങ്ങൾ ആശ്രയകുടുംബങ്ങൾക്ക് നൽകുന്നതിന് പ്രത്യേക പരിഗണന നൽകണം. ദീർഘനാൾ മുമ്പ് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റാണെങ്കിൽ അതു പുതുക്കി തയ്യാറാക്കി ഗ്രാമസഭ/ വാർഡ് സഭയുടെ അംഗീകാരം നേടേണ്ടതാണ്.

**ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയപദ്ധതിപ്രകാരം കണ്ടെത്തിയ എല്ലാഅഗതി കുടുംബങ്ങൾ ക്കും മുന്തിയ പരിഗണന നൽകേണ്ട താണ്. വീടുവയ്ക്കാൻ സ്ഥലം,വീട്, വീടുപുനരുദ്ധാരണം, കക്കൂസ്, വൈദ്യുതീകരണം, കുടിവെള്ളം എന്നീ ആനുകൂല്യങ്ങൾ ആശ്രയകുടുംബങ്ങൾക്ക് നൽകുന്നതിന് പ്രത്യേക പരിഗണന നൽകണം. ദീർഘനാൾ മുമ്പ് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റാണെങ്കിൽ അതു പുതുക്കി തയ്യാറാക്കി ഗ്രാമസഭ/ വാർഡ് സഭയുടെ അംഗീകാരം നേടേണ്ടതാണ്.**



പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകേണ്ടിവരുമ്പോൾ അതിനുള്ള പ്രോജക്ടിന്റെ അംഗീകാരം ലഭിച്ചാലുടൻ തദ്ദേശസ്വയംഭരണസ്ഥാപനത്തിലൂടനീളം വ്യാപകമായ പ്രചാരണം നടത്തി അപേക്ഷ ക്ഷണിക്കണം.പ്രചാരണം നടത്താത്തതുകൊണ്ട് പലപ്പോഴും അർഹരായവരും മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കുന്നവരും വിവരം അറിയാതെ പോകുന്നു. അപേക്ഷ എല്ലാവരിൽനിന്നും സ്വീകരിക്കണം. ഗ്രാമസഭ കോർഡിനേറ്റർ, അങ്കണവാടി പ്രവർത്തകർ, ആശാവർക്കർ, കുടുംബശ്രീ പ്രവർത്തകർ, ഗ്രാമ/വാർഡ് വികസനസമിതി അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സേവനം ഇക്കാര്യത്തിൽ വാർഡ് മെമ്പർ/ കൗൺസിലർ ഉറപ്പുവരുത്തിയാൽ അർഹരായ എല്ലാവരിലും വിവരം എത്തിക്കുവാനും അവർക്ക് അപേക്ഷ സമർപ്പിക്കുവാനു കഴിയും.

ലഭിച്ച അപേക്ഷകൾ അർഹതാമാനദണ്ഡപ്രകാരം നിഷ്പക്ഷവും നീതിയുക്തവുമായി മാർക്കിട്ട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം. വാർഡ് വികസനസമിതിയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും കൂട്ടായി ശ്രമിച്ചാൽ ഈ പ്രക്രിയ ഏറ്റവും സുതാര്യമായി ചെയ്യാൻ കഴിയും. തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ എന്തെങ്കിലും പിഴവു പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ രണ്ടു ഫീൽഡ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം. ഉദ്യോഗസ്ഥരുടെ പരിശോധനയും അവരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയും.ആദ്യം തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ എന്തെങ്കിലും പിഴവു പറ്റിയിട്ടുണ്ടെങ്കിൽ അതു തിരുത്തി ശരിയായ മുൻഗണാലിസ്റ്റ് പുതുക്കി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കിയ ലിസ്റ്റാണ് ഗ്രാമസഭ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടത്. ഗ്രാമസഭ/വാർഡ് സഭയിൽ ഗുണഭോക്തൃലിസ്റ്റ് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം. പലപ്പോഴും ഒരു ചടങ്ങ് എന്ന നിലയിൽ ഗുണഭോക്തൃലിസ്റ്റ് വായിക്കുകയും അത് അംഗീകരിച്ചതായി രേഖപ്പെടുത്തിപ്പോരുകയുമാണ് ചെയ്യുന്നത്. തന്മൂലം യഥാർത്ഥത്തിൽ മുൻഗണന ലഭിക്കേണ്ടവർ തഴയപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.

ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ മുൻഗണനാലിസ്റ്റ് ഭരണസമിതി അംഗീകരിച്ചശേഷം തദ്ദേശസ്ഥാപനലിസ്റ്റാക്കി ക്രോഡീകരിച്ചശേഷം തദ്ദേശസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പരസ്യപ്പെടുത്തണം.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത മുൻഗണനാലിസ്റ്റിനു സാധുത ഉണ്ടായിരിക്കുന്നതല്ല.ഇപ്രകാരം എല്ലാവരും അംഗീകരിച്ച മുൻഗണനാലിസ്റ്റാണ് നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടത്

അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയശേഷമേ പുതിയ ഗുണഭോക്തൃലിസ്റ്റിനു രൂപം നൽകാൻ പാടുള്ളൂ. ആനുകൂല്യം വിതരണം ചെയ്യുന്ന സമയത്ത് ഗുണഭോക്തൃലിസ്ററിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥനു ബോധ്യമായാൽ ആ വിവരം വസ്തുതകളുടെ അടിസ്ഥാനത്തിൽ രേഖാമൂലം ഭരണസമിതിയെ അറിയിക്കേണ്ടതും ഭരണസമിതി തീരുമാനപ്രകാരം പുന:പരിശോധന നടത്തി അനർഹരെ ഒഴിവാക്കുകയോ ലിസ്റ്റിലെ മുൻഗണനയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.എന്നാൽ ഇപ്രകാരമുണ്ടാകുന്ന മാറ്റങ്ങൾക്ക് ഗ്രാമസഭയുടെ/വാർഡുസഭയുടെ അംഗീകാരം നേടേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ദരിദ്രരായ ജനങ്ങളോട് നീതി പുലർത്തുന്നതിനും സുതാര്യമായി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സാമൂഹ്യനീതി പരിപാലനത്തിനും ഇത്തരം പ്രവർത്തനം അനിവാര്യമാണ്.

**വിജിയെസ്**



ആരോഗ്യരംഗത്തെ സാമൂഹ്യ-സ്വാധീനഘടകങ്ങൾ കണ്ടെത്തുന്നതിനു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ആരോഗ്യസർവകലാശാല വൈസ് ചാൻസ്‌ലർ ഡോ.**കെ.മോഹൻദാസ്** ഉദ്ഘാടനം ചെയ്യുന്നു

## ആരോഗ്യരംഗത്തെ സാമൂഹ്യ–സ്വാധീനഘടകങ്ങൾ കണ്ടെത്താൻ ശ്രമം തുടങ്ങി

**രോ**ഗവും രോഗപ്രതിരോധവും എന്നതിലുപരി ആരോഗ്യരംഗത്തെ മറ്റു സാമൂഹ്യ-സ്വാധീനഘടകങ്ങൾ എന്തൊക്കെയാണെന്നു കണ്ടെത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഹെൽത്ത്‌പ്ലാൻ തയ്യാറുക്കുന്നതിനും ശ്രമം തുടങ്ങി. കേരള ആരോഗ്യസർവകലാശാലയും കിലയും ദേശീയ ഗ്രാമീണ ആരോഗ്യമിഷനും(എൻ.ആർ.എച്ച്.എം)തദ്ദേശഭരണവകുപ്പും സംയുക്തമായാണ് പുതിയ സംരഭത്തിനു തുടക്കം കുറിക്കുന്നത്. സാമൂഹ്യ-സാമ്പത്തികസ്ഥിതി, തൊഴിൽ, സംസ്കാരം, പ്രകൃതി, പ്രകൃതി വിഭവങ്ങൾ, ജീവിതശൈലിരോഗങ്ങൾ തുടങ്ങിയ മേഖലകളിലെ ഇപ്പോഴത്തെ അവസ്ഥ, ഭാവിയിൽ സംഭവിക്കാവുന്ന മാറ്റങ്ങൾ, അവ ആരോഗ്യരംഗത്തെ എങ്ങനെ ബാധിക്കും ഇവയെല്ലാം പഠന-ഗവേഷണവിധേയമാക്കും.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ആരോഗ്യസർവകലാശാല വൈസ് ചാൻസ്‌ലർ ഡോ.കെ.മോഹൻദാസ് ഉദ്ഘാടനം ചെയ്തു. കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ, ഡെർമറ്റോളജി വിഭാഗം അസി.പ്രൊഫ.ഡോ കെ.അജിത്കുമാർ, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ദിലീപ്, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.അജിത്കുമാർ, പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് റോയ് കെ.ദേവസ്സി എന്നിവർ സംസാരിച്ചു. മുണ്ടത്തിക്കോട്, പാണഞ്ചേരി പഞ്ചായത്തുകളെയാണ് ആദ്യഘട്ടമായി പഠന-ഗവേഷണത്തിനു തെരഞ്ഞെടുത്തിട്ടുള്ളത്. ജൂലൈ മാസം മുതൽ വിവരശേഖരണത്തിനായുള്ള സർവേ ആരംഭിക്കും. ഇതുമായി ബന്ധപ്പെട്ട പരിശീലനപരിപാടികളും കിലയിൽ തുടങ്ങും. പഞ്ചായത്തുകളിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യസ്ഥിതിയാണ് ആദ്യം പരിശോധിക്കുക.

## ജനപ്രതിനിധികൾ ബ്യൂറോക്രസിയുടെ ഭാഗമായി മാറരുത് : സി.പി. ജോൺ

**തെ**രഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ബ്യൂറോക്രസിയുടെ ഭാഗമായി മാറരുതെന്ന് ആസൂത്രണബോർഡ് മെമ്പർ സി.പി.ജോൺ പറഞ്ഞു. സേവാഗ്രാം ഗ്രാമകേന്ദ്രത്തിന്റെ പരിശീലനവുമായി ബന്ധപ്പെട്ട് കൈപ്പുസ്തകം തയ്യാറാക്കുന്നതിന് കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തങ്ങൾ ആരെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ജനപ്രതിനിധികൾ ഓർത്തിരിക്കണം. തങ്ങളുടെ വാർഡിനെ കമ്മ്യൂണിറ്റിയായി ഡെവലപ് ചെയ്യാൻ ജനപ്രതിനിധികൾക്കു കഴിയണം. ആ വാർഡിനാവശ്യമായ പഴം, പച്ചക്കറി, മുട്ട തുടങ്ങിയവയെല്ലാം അവിടെ തന്നെ ഉൽപ്പാദിപ്പിക്കാനും കഴിയണമെന്ന് ജോൺ നിർദ്ദേശിച്ചു.

സേവാഗ്രാമിനു പല തദ്ദേശഭരണസ്ഥാപനങ്ങളും വേണ്ടത്ര താൽപര്യം കാണിക്കുന്നില്ലെന്ന് അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. അധികാരം താഴെ തട്ടിലേക്കു കൈമാറാൻ പലരും വിമുഖത കാണിക്കുന്നു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പർമാർ തുടങ്ങിയവർ ശിൽപ്പശാലയിൽ സംബന്ധിച്ചു.പരിശീലനത്തിനാവശ്യമായ കൈപ്പുസ്തകവും പരിശീലനവിഷയങ്ങളും ശിൽപ്പശാല തീരുമാനിച്ചു.

പ്രാദേശികഭരണസംവിധാനം ശാക്തീകരിക്കുന്നതിനും ഗ്രാമസഭകളുടെ ഒത്തുചേരലിനും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണചർച്ചകൾക്കുമായി പഞ്ചായത്തിന്റെ ഓരോ വാർഡിലും സ്ഥാപിക്കുന്ന ഗ്രാമകേന്ദ്രമാണ് സേവാഗ്രാം. ഗ്രാമ-വാർഡുസഭകളുടെ ആസ്ഥാനകേന്ദ്രമായി ഇതറിയപ്പെടും. വാർഡ് വികസനസമിതി, വാർഡ്തല ആരോഗ്യ-ശുചിത്വ സമിതി, വാർഡിലെ വിവിധ കർഷകസമിതികൾ, വാർഡ്തല ജാഗ്രതാസമിതി, കുടുംബശ്രി തുടങ്ങയവയുടെയെല്ലാം ആസ്ഥാനമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കും. തദ്ദേശഭരണസ്ഥാപനത്തിന്റെ വിവിധ സേവനങ്ങളും ഈ കേന്ദ്രത്തിൽന്ന് ലഭ്യമാകും.




കാലാവസ്ഥവ്യതിയാനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല
കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്യുന്നു

# കാലാവസ്ഥാവ്യതിയാനം: ജനപ്രതിനിധികൾക്ക് ബോധവൽക്കരണ ശിൽപശാല

**കാലാവസ്ഥവ്യതിയാനവുമായി** ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ബോധവൽക്കരിക്കുന്നതിനുമുള്ള ആദ്യത്തെ ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു. യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമും (യു.എൻ.ഡി.പി) കിലയും ചേർന്ന് സംഘടിപ്പിച്ച ശിൽപ്പശാല കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ് ആമുഖപ്രഭാഷണം നടത്തി. കേരളത്തിലെ യു.എൻ.ഡി.പി.സാങ്കേതികവിദഗ്ദ്ധൻഎസ്.സരുൺ, പ്രോഗ്രാം അസോസിയേറ്റ് ഷിൽജാസ്എം. എന്നിവർ സംബന്ധിച്ചു.

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം, ജലവിഭവം, ആരോഗ്യം, ഊർജം, ടൂറിസം, നഗരം, ഗതാഗതം തുടങ്ങിയ മേഖലകളിൽ കാലാവസ്ഥാവ്യതിയാനംകൊണ്ടു സംഭവിക്കുന്ന ദോഷവശങ്ങൾക്കുള്ള പരിഹാരം നിർദ്ദേശിക്കുകയാണ് ശിൽപ്പശാലയുടെ ലക്ഷ്യങ്ങളിലൊന്ന്. ബോധവൽക്കരണവുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾക്കുള്ള കൈപ്പുസ്തകം ശിൽപ്പശാല തയ്യാറാക്കും. പ്രൊഫ.ടി.പി.കുഞ്ഞിക്കണ്ണൻ, ഡോ.എബി ജോർജ്, അനർട്ട് പ്രോഗ്രാം ഓഫീസർ അജിത് കുമാർ, പ്രൊഫ.കെ.ജെ.കുര്യൻ, ഡോ.എൻ. വിജയകുമാർ തുടങ്ങിയ വ്യത്യസ്ത മേഖലകളിലെ വിദഗ്ദ്ധരാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തത്.

അന്തരീക്ഷത്തിൽ കാർബണിന്റെ അളവു വർദ്ധിക്കുന്നതാണ് കാലാവസ്ഥാവ്യതിയാനത്തിനു പറയുന്ന കാരണങ്ങളിലൊന്ന്. അതുകൊണ്ട് കാർബണിന്റെ അളവു കുറയ്ക്കണം. അതിനുള്ള പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സജീവമായ പങ്കുവഹിക്കാൻ കഴിയുമെന്ന് യു.എൻ.ഡി.പി. കരുതുന്നു.വിവിധ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി അന്തരീക്ഷത്തിലെ കാർബൺ ഫുട്ട്പ്രിന്റ് (അളവ്) വർദ്ധിക്കുമ്പോൾ കാലാവസ്ഥാവ്യതിയാനം സംഭവിക്കുന്നു. അതുകൊണ്ട് കാർബൺ ഫുട്ട്പ്രിന്റ് കുറവുള്ള വസ്തുക്കൾ നിർമ്മാണപ്രവർത്തനങ്ങൾക്കുപയോഗിക്കണം.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിവിധ സംസ്ഥാന സർക്കാരുകളെ യു.എൻ.ഡി.പി ഇപ്പോൾതന്നെ വിവിധ തലത്തിൽ സഹായിച്ചുവരുന്നുണ്ട്. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക, കാലാവസ്ഥവ്യതിയാനങ്ങളെക്കുറിച്ച് കൃഷിക്കാർക്ക് മുന്നറിയിപ്പുനൽകുക, വിളനശിപ്പിക്കുന്ന കീടങ്ങളുടെ ആക്രണങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ, വെള്ളപ്പൊക്കവും വരൾച്ചയും നേരിടുന്നതിനുള്ള പദ്ധതികൾ, വനവൽക്കരണം, കാട്ടുതീ നിയന്ത്രണം, മനുഷ്യവാസകേന്ദ്രങ്ങളിൽ വന്യജീവികളുടെ കടന്നുകയറ്റം തടയൽ, ആദിവാസികളുടെ സംരക്ഷണം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ യു.എൻ.ഡി.പിയുടെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ കർമ്മപദ്ധതി താഴെ തട്ടിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ സഹകരണം അനിവാര്യമാണ്. ബോധവൽക്കരണത്തിലൂടെ മാത്രമെ ഇതു സാദ്ധ്യമാകൂ. അതിനുള്ള പരിശീലനവിഷയങ്ങളും ശിൽപ്പശാല തീരുമാനിക്കും.



കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ **ആരൂഢം** ബഹുവർഷപദ്ധതിയുമായി ബന്ധപ്പെട്ട്
കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല




റോഡുസുരക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി കിലയിൽ സംഘടിപ്പിച്ച ഏകദിന ബോധവൽക്കരണ ശിൽപ്പശാല തൃശ്ശൂർ മേയർ രാജൻ ജെ.പല്ലൻ ഉദ്ഘാടനം ചെയ്യുന്നു

## കിലയിൽ റോഡുസുരക്ഷാബോധവൽക്കരണ ശിൽപശാല

**വ**ർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്കിടയിൽ നല്ല റോഡു സംസ്കാരം വളർത്തിയെടുക്കുന്നതിനും വേണ്ടി കേരള മോട്ടോർ വാഹനവകുപ്പു നടത്തിവരുന്ന റോഡുസുരക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി തൃശ്ശൂർ ആർ.ടി.ഒ യുടെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി കിലയിൽ ഏകദിന ബോധവൽക്കരണ ശിൽപ്പശാല സംഘടിപ്പിച്ചു. തൃശ്ശൂർ മേയർ രാജൻ ജെ.പല്ലൻ ഉദ്ഘാടനം ചെയ്തു. കേരള പഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത് അദ്ധ്യക്ഷനായിരുന്നു. തൃശ്ശൂർ ആർ.ടി.ഒ സി.കെ.അശോകൻ സ്വാഗതമാശംസിച്ചു.കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷ്ണർ പി.വി.വർഗീസ്, ഗുരുവായൂർ ജോ.ആർ.ടി.ഒ എ.പി.അശോക് കുമാർ എന്നിവർ സംസാരിച്ചു. നോർത്ത് പറവൂർ ജോ.ആർ.ടി.ഒ ആദർശ്കുമാർ, റിട്ടയേഡ് അസി.ട്രാൻസ്പോർട്ട് കമ്മീഷ്ണർ പി.എൻ. രാജ് എന്നിവർ ക്ലാസ്സെടുത്തു.200 ജനപ്രതിനിധികൾ ശിൽപ്പശാലയിൽ സംബന്ധിച്ചു.



തിരുവനന്തപുരം ജില്ലയിലെ എടവ ഗ്രാമപഞ്ചായത്തിൽ നടന്ന പരിശീലനപരിപാടിയിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

## പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഏകദിനപരിശീലനം

**കാ**ലികവിഷയങ്ങളെക്കുറിച്ച് വിവിധ ജില്ലകളിൽ കില സംഘടിപ്പിച്ചുവരുന്ന വികേന്ദ്രീകൃത പരിശീലനപരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ജില്ലാതല കോൺഫ്രൻസിനോടനുബന്ധിച്ചു എടവ ഗ്രാമപഞ്ചായത്തിൽ ഏകദിന പരിശീലനപരിപാടി നടന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വി.ആർ. മധുസൂദനക്കുറുപ്പ് അദ്ധ്യക്ഷനായിരുന്നു. എടവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ബാലിക്ക് ആമുഖപ്രഭാഷണം നടത്തി. കില എക്സ്റ്റഷൻ ഫാക്കൽറ്റി പി.വൈ.അനിൽകുമാർ ക്ലാസ്സെടുത്തു. സേവാഗ്രാം ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുമായിരുന്നു പരിശീലനം.

പഞ്ചായത്ത് അസി.ഡയറക്ടർ എൻ. ഗോപകുമാർ, സൂപ്പർ വൈസർമാരായ മനോഹർ, സുഭാഷ്, ഉദയകുമാർ, ദിനേശ്കുമാർ, സി. അജിത്കുമാർ, എ.ഹഷിം, ഡി. രാജേഷ് തുടങ്ങിയവർക്കു പുറമേ 69 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പരിശീലനത്തിൽ പങ്കെടുത്തു.

# ചോദിക്കൂ പറയാം

? പൊതുമരാമത്ത് പ്രവർത്തികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചു. അഡ്വാൻസ് തുക കൈപ്പറ്റിയശേഷം പണി നടത്താത്ത ഗുണഭോക്തൃസമിതിക്കെതിരെ എന്തു നടപടി കൈക്കൊള്ളും.

● അഡ്വാൻസ് തുക കൈപ്പറ്റിയശേഷം പണിനടത്താത്ത ഗുണഭോക്തൃസമിതിയെ സംബന്ധിച്ചും പണിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് തയ്യാറാക്കുക. ഈ റിപ്പോർട്ട് ഭരണസമിതിയിൽവച്ച് ചർച്ച ചെയ്ത് അംഗീകരിച്ചതിനുശേഷം കൺവീനറിൽനിന്നും അഡ്വാൻസായി കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കാനുള്ള റിക്കവറി നടപടികൾ നടത്തേണ്ടതും, നടപടികൾ നടത്തി തുക ഈടാക്കേണ്ടതുമാണ്.(സർക്കുലർ നമ്പർ 8906/ഡി.പി.3/05 ത സ്വ ഭ വ തീയതി.8.7.2005)

? പഞ്ചായത്തിൽനിന്ന് ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നൽകുന്ന യാത്രാബത്തയ്ക്കു പ്രതിമാസ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

● ഉണ്ട്. പ്രതിമാസവും അല്ലെങ്കിൽ ത്രൈമാസവും നൽകുന്നതിനു പരിധി നിശ്ചയിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഓരോ ഗ്രേഡ് അനുസരിച്ചാണ് പരിധി നിശ്ചയിച്ചിട്ടുള്ളത്. ആ പരിധിയിൽ കവിഞ്ഞ തുക നൽകാൻ അനുവാദമില്ല. (ഉത്തരവ് നമ്പർ ജി.ഒ.(പി)74/2012/ഫിൻ. തീയതി.28.1.2012 ഫിനാൻസ് ഡിപ്പാർട്ടുമെന്റ്.)

? പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷണം നൽകുന്ന പ്രോജക്ട് വയ്ക്കാൻ കഴിയുമോ?

● പട്ടികവർഗ്ഗത്തിൽ പെട്ടവരും അന്നപൂർണ്ണ പദ്ധതിയിൽ പെടുത്താവുന്നവരുമായ 65 വയസ്സുകഴിഞ്ഞവർക്ക് ഭക്ഷ്യധാന്യം സൗജന്യമായി നൽകാം. ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്ത 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവർ, നിത്യരോഗികൾ, ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് അങ്കണവാടിയുലൂടേയോ കുടുംബശ്രീ മുഖേനയോ ഭക്ഷണം വിതരണം ചെയ്യാം. അതിനുള്ള ചെലവ് പട്ടികവർഗ്ഗഫണ്ടിൽനിന്നെടുക്കാവുന്നതാണ്.(സ.ഉ (എം.എസ്)362/2013 തസ്വഭവ തീയതി 16.11.2013 മാർഗ്ഗരേഖ അനുബന്ധം 13 ഖണ്ഡിക 1,5 )

? ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ വാങ്ങാൻ ത്രിതലപഞ്ചായത്തുകൾ പണമടയ്ക്കണമെന്ന് ഉത്തരവുള്ളതായി പറയുന്നു. എത്ര തുകയാണ് അടയ്ക്കേണ്ടത്? ഏതു ഫണ്ടിൽനിന്നാണ് അടയ്ക്കേണ്ടത്?

● സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടുത്തവർഷം നടക്കാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിന് ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള ചെലവ് പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽനിന്നാണ് വഹിക്കേണ്ടത്. ഗ്രാമപഞ്ചായത്തുകൾ 9 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും ജില്ലാപഞ്ചായത്തുകൾ 20 ലക്ഷം രൂപ വീതവുമാണ് ഈ ആവശ്യത്തിനു നീക്കിവയ്ക്കേണ്ടത്.(സ.ഉ.(സാധാ) 1437/2014 ത സ്വ ഭ വ ഇ.എം. വകുപ്പ്- തീയതി 9.6.2014)

? സാമൂഹ്യസുരക്ഷാപെൻഷന്റെ വരുമാനപരിധി ഒരു ലക്ഷം രൂപയായി കുറച്ചതായി കണ്ടു. ഇപ്രകാരം ചെയ്യുമ്പോൾ മൂന്നു ലക്ഷം രൂപയുടെ പരിധിയിൽ അപേക്ഷിച്ചവരുടെ പെൻഷൻ നൽകാൻ കഴിയുമോ?

● സാമൂഹ്യസുരക്ഷാപെൻഷൻ പദ്ധതിയിൽ അപേക്ഷകന്റെ അർഹതയ്ക്കുള്ള വാർഷിക കുടുംബവരുമാനപരിധി ഒരുലക്ഷം രൂപയായി കുറവുചെയ്തിരിക്കുന്നതിന് പ്രാബല്യം1.4.2014 മുതലാണ്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ,വികലാംഗപെൻഷൻ, അമ്പതുവയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ വരുമാനപരിധിയാണ് ഇപ്രകാരം ഏകീകരിച്ചിട്ടുള്ളത്. മററു സുരക്ഷിതത്വപെൻഷൻ വാങ്ങുന്നവർക്കും ഒരു ലക്ഷം രൂപ എന്ന പരിധിക്കുള്ളിലാണെങ്കിൽ ഈ ഉത്തരവുപ്രകാരം മേൽ പറഞ്ഞ പെൻഷനുകൾ അനുവദിക്കാം.20.7.2013 ലെ സ.ഉ. എം.സ് 59/2013 സാ.നി.വ. ഉത്തരവുപ്രകാരം പെൻഷൻ അനുവദിച്ചവർക്ക് 1.4.2014 നു മുമ്പു നൽകിയ തുക തിരിച്ചുപിടിക്കേണ്ട ആവശ്യമില്ല. അപ്രകാരം വാങ്ങിയവരിൽ ഒരു ലക്ഷം രൂപ പരിധിക്കുള്ളിലുള്ളവർക്ക് തുടർന്ന് നൽകാവുന്നതാണ് പരിധിയിൽ കവിഞ്ഞ വരുമാനമുള്ളവരെ ഒഴിവാക്കണം.(സ.ഉ.(എം.എസ്)നമ്പർ 52/2014 സാ.ക്ഷേ.വ. തീയതി-20.6.2014

? അംഗവൈകല്യം സംഭവിച്ചവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ ഏതെങ്കിലും ആവശ്യത്തിനു ചെല്ലുമ്പോൾ പ്രത്യേക പരിഗണന നൽകണമെന്നുണ്ടോ?

● സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ അംഗവൈകല്യം സംഭവിച്ചവർക്ക് പ്രത്യേക ക്യൂ സമ്പ്രദായം ഏർപ്പെടുത്തി മുൻഗണന നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.(സർക്കുലർ നമ്പർ 3346/ഡി 2/12/സാ.നീ.വ.തീയതി-19.7.2013)

? മണൽ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങൾ ഇടിച്ച് ധാരാളം മരണങ്ങൾ ഉണ്ടാകുന്നു. ഇവയുടെ സുരക്ഷാപ്രശ്നങ്ങൾക്ക് എന്തെങ്കിലും നടപടിയെടുക്കാൻ പഞ്ചായത്തിനു കഴിയുമോ?

● മണൽ കയററിക്കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് ട്രാൻസ്പോർട്ട് ഓഫീസിൽനിന്ന് നൽകുന്ന നിലവിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ലൈസൻസ് എന്നിവ ബോധ്യപ്പെടുത്തിയതിനുശേഷമേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് മണൽ കൊണ്ടുപോകുന്നതിന് പാസ് നൽകുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 7923/ആർ.ഡി.3/2014 ത സ്വ ഭ വ . തീയതി 6.6.2014)

? പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിൽ ഹോണറേറിയം, ശമ്പളം മുതലായവ ആറുമാസത്തിൽ കൂടുതൽ തുടർച്ചയായി നൽകരുതെന്നു പറയുന്നു. എന്നാൽ എല്ലാ മാസവും പ്രവർത്തിക്കേണ്ട പാലിയേറ്റീവ് കെയർ യൂണിറ്റിലെ നഴ്സുമാർക്ക് ആറുമാസം കഴിഞ്ഞാൽ എങ്ങനെ വേതനം നൽകും?

● പഞ്ചവത്സരമാർഗ്ഗരേഖയിൽ ഹോണറേറിയം പോലുള്ള ചെലവുകൾ വ്യവസ്ഥകൾക്കുവിധേയമായി ആറുമാസത്തിൽ കൂടുതൽ നൽകാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പാലിയേററീവ് കെയർ സ്ഥാപിക്കാൻ പ്രത്യേകമായ മാർഗ്ഗരേഖയാണുള്ളത്. കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റിൽ പ്രവർത്തിക്കുന്ന നഴ്സുമാർക്ക് പ്രോജക്ടിന്റെ ഭാഗമായി വർഷം മുഴുവൻ വികസനഫണ്ടിൽനിന്നു ഹോണറേറിയം നൽകുന്നുതിന് അനുമതി നൽകിയിട്ടുണ്ട്.(സ.ഉ. (സാധ) നമ്പർ 1406/2014 ത സ്വ ഭ വ ഡി.എ വകുപ്പ്/5.6.2014

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൊതുമരാമത്തുപണികൾ നടത്തുമ്പോൾ പിടിക്കുന്ന വാറ്റ്സംഖ്യ അടയ്ക്കുന്നതിനു ജി.ആർ.എ.എസ്.കെ സംവിധാനമില്ലാത്ത ട്രഷറികളിലുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ബാങ്കിന്റെ ശാഖകകളിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്തുപണികളുടെ നിർവഹണ ഉദ്യോഗസ്ഥൻ എഞ്ചിനിയറാണ്.അപ്പോൾ വാറ്റ് എങ്ങനെ പിടിച്ച് അടയ്ക്കും.

● അപ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മേലധികരിയായ എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.(സ.ഉ.(സാധ) നമ്പർ 1529/2014 തസ്വഭവ. തീയതി18.6.2014)



ജപ്പാനിലെ യോക്കോഹോമിൽ 12 നാരംഭിച്ച പതിനെട്ടാമത് ലോക സോഷ്യോളജി കോൺഗ്രസ്സിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു നടന്ന ഗ്രൂപ്പ് ചർച്ചയിൽ കില ഡയറക്ടർ ഡോ.**പി.പി.ബാലൻ** സംസാരിക്കുന്നു

## ലോക സോഷ്യോളജി കോൺഗ്രസ്സിൽ കില യും

ജപ്പാനിലെ യോക്കോഹോമിൽ ജൂലൈ 12 നാരംഭിച്ച പതിനെട്ടാമത് ലോക സോഷ്യോളജി കോൺഗ്രസ്സിൽ കിലയും പങ്കെടുത്തു. സമ്മേളനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച അധികാരവികേന്ദ്രീകരണവും വനിതകളും എന്ന പ്രത്യേക സെഷനു നേതൃത്വം നൽകിയത് കില ഡയറക്ടർ ഡോ. പി.പി.ബാലനായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഇതുസംബന്ധിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ലോക സോഷ്യോളജി കോൺഗ്രസ്സിൽ പങ്കെടുക്കാൻ കിലയ്ക്കു അവസരം ലഭിക്കുന്നത് ഇതാദ്യമായാണ്.സാമൂഹ്യശാസ്ത്രജ്ഞരുടെ അന്താരാഷ്ട്ര സംഘടനയായ ഇന്റർനാഷ്ണൽ സോഷ്യോളജിക്കൽ അസോസിയേഷനാണ് സമ്മേളനം സംഘടിപ്പിച്ചത്. 20,000 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം 19 നു സമാപിച്ചു. അസന്തുലിതലോകം-സാമൂഹ്യ ശാസ്ത്രം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെക്കുറിച്ചാണ് സമ്മേളനം ചർച്ച ചെയ്തത്. വിവിധ ഗവേഷണ കമ്മിറ്റികളുടെ നേതൃത്വത്തിൽ 5,000 പ്രബന്ധങ്ങൾ വിവിധ സെഷനുകളിൽ അവതരിപ്പിച്ചു.നാലുവർഷത്തിലൊരിക്കലാണ് സമ്മേളം ചേരുന്നത്. കഴിഞ്ഞ സമ്മേളനം സ്പെയിനിലായിരുന്നു.

## ഓഫീസ് മാനേജ്മെന്റിൽ 8 1 2 പേർക്ക് പരിശീലനം നൽകി

**സം**സ്ഥാനത്തെ 462 ഗ്രാമപഞ്ചായത്തുകളിലെ 812 ജീവനക്കാർക്കു ഓഫീസ് മാനേജ്മെന്റിൽ കില പരിശീലനം നൽകി. 24 ബാച്ചുകളിലായാണ് ഇത്രയും പേർക്ക് പരിശീലനം നൽകിയത്. അഞ്ചു കമ്പ്യൂട്ടറുകളുള്ള പഞ്ചായത്തുകളിലെ സീനിയർ ക്ലാർക്കിനും ജൂനിയർ സൂപ്രണ്ടിനുമായിരുന്നു ആദ്യഘട്ടപരിശീലനം. ഇതിന്റെ തുടർച്ചയായി അതേ പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും ടെക്നിക്കൽ അസിസ്റ്റന്റിനും പരിശീലനം നൽകി. ഇതിനുപുറമേ സൂചിക സോഫ്റ്റ് വെയറിന്റെ ആവശ്യകതയെക്കുറിച്ചു 84 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും വൈസ് പ്രസിഡന്റുമാർക്കും ഏകദിന ബോധവൽക്കരണ പരിശീലനവും നൽകി.

കാര്യക്ഷമമായ ഓഫിസ് മാനേജ്മെന്റിന്റെ ആവശ്യകതയും നേട്ടങ്ങളും, ഫയൽ മാനേജ് മെന്റ്, ഓഫീസിൽ സമ്പൂർണ്ണ ഗുണമേന്മ സംവിധാനമേർപ്പെടുത്തുന്ന നടപടികൾ, കടലാസ് രഹിത സോഫ്റ്റ് വെയറായ സൂചികയെ പരിചയപ്പെടുത്തൽ, അപേക്ഷ. സ്വീകരിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയവയായിരുന്നു പരിശീലന വിഷയങ്ങൾ.സഞ്ജയ്പ്രഭു, ഹാഷിം, അഡ്വ. സാജിറ, ഇൻഫർമേഷൻ കേരളാ മഷനിലെ(ഐ.കെ.എം) സാങ്കേതിക വിദഗ്ദ്ധർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ പരിശീലനത്തിനു നേതൃത്വം നൽകി.



കിലയിൽ പരിശീലനത്തിനെത്തിയ ഹിമാചൽപ്രദേശിലെ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും (മൂന്നാമത്തെ ബാച്ച്)



## കില കാമ്പസിലെ ജലധാര ഉദ്ഘാടനം ചെയ്തു

കില കാമ്പസ് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിച്ച ജലധാരയുടെ ഉദ്ഘാടനം ഹിമാചൽപ്രദേശിലെ മാണ്ഡി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഹീരാമണി നിർവഹിച്ചു. കില ഡയറക്ടർ പി.പി. ബാലൻ, ഹിമാചൽപ്രദേശിൽനിന്നുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരടക്കം നിരവധിപേർ പങ്കെടുത്തു. കാമ്പസിൽ ആദ്യമായാണ് ജലധാര നിർമ്മിക്കുന്നത്.



കില കാമ്പസിൽ നിർമ്മിച്ച ജലധാരയുടെ ഉദ്ഘാടനം ഹിമാചൽപ്രദേശിലെ
മാണ്ഡി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഹീരാമണി നിർവഹിക്കുന്നു



**KILA Newsletter** Published By Dr.P P Balan,Director,Kerala Institute of Local Administration,Mulamkunnathukavu(P.O)Thrissur-680581
(for private circulation only)